പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 986** **14-10-2026-ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിന്റെ ശാരീരിക മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഭിന്നശേഷിക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന വേണ്ടി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് അറിയിക്കാമോ;

**മറുപടി:** ഭിന്നശേഷിക്കാരായ കുട്ടികൾക്കും ഭിന്നശേഷിക്കാരായ വ്യക്തികളുടെ മക്കൾക്കുമുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ, ചികിത്സ ധനസഹായം പദ്ധതികൾ, സ്വയംതൊഴിൽ സഹായ പദ്ധതികൾ തുടങ്ങിയ 12 ഓളം വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽ പരിശീലനം, റീഹാബിലിറ്റേഷൻ എന്നിവ നൽകുന്ന സർക്കാരിതര സ്ഥാപനങ്ങൾക്ക് ഗ്രാന്റ്, വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. മാനസിക രോഗം ഉള്ള വ്യക്തികളെ പുനരധിവസിപ്പിക്കുന്നതിനായി 6 ആശ ഭവനുകൾ, മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 3 സ്ഥാപനങ്ങൾ, 2 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 1 സ്ഥാപനം എന്നിവ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഏർലി ഇന്റർവെൻഷൻ സെന്ററുകൾ, ഓട്ടിസം സെന്ററുകൾ, മൊബൈയിൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി.), റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ (ആർ.ഇ.ഐ.സി.) എന്നിവയിലൂടെ ഭിന്നശേഷിക്കാർക്ക് തെറാപ്പി സർവ്വീസുകളും നൽകി വരുന്നുണ്ട്. കൂടാതെ ബുദ്ധിവികാസ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ പ്രതിരോധം, ചികിത്സാ പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗത്തിൻെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (സി.ഡി.എം.ആർ.പി.) എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

**(ബി)** ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 01.09.2026 ന് ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

**മറുപടി:** 01.09.2026 ചേർന്ന യോഗത്തിലെ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടി വിവരം അനുബന്ധമായി ചേർക്കുന്നു.

**(സി)** പ്രസ്തുത യോഗ തീരുമാനപ്രകാരം സി.ഡി.എം.ആർ.പി.(കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം) പദ്ധതി സംസ്ഥാനവ്യാപകമായി വ്യാപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചന നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**(ഡി)** സി.ഡി.എം.ആർ.പി, എം.ഐ.യു.(മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ക്ലിനിക്കുകൾ എന്നിവ സംയോജിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** നടപടി സ്വീകരിച്ച് വരുന്നു.

**(ഇ)** സി.ഡി.എം.ആർ.പി. പ്രോജക്ടിന് വകുപ്പ് ധനസഹായം നൽകുന്നതിൽ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** നടപ്പ് വർഷം പദ്ധതി നടത്തിപ്പിനായി സ.ഉ (സാധാ) നം. 156/2026/എസ്.ജെ.ഡി തീയതി 10.08.2026 ഉത്തരവ് പ്രകാരം 65,64,700/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 2026 മാർച്ച് വരെയുള്ള പ്രവർത്തന ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2026 മാർച്ച് വരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ യൂട്ടിലൈസേഷൻ പരിശോധിച്ച് തുടർന്ന് തുക അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

01.09.2026 യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടി

| ക്രമ നം. | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | തീരുമാനം-!<br>സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട് സർവ്വകലാശാലയുടെ നേതൃത്വത്തിൽ തുടർന്നുവരുന്ന CDMRP പദ്ധതിക്ക്, 5 വർഷത്തേക്ക് യൂണിവേഴ്സിറ്റിയുമായി ടെക്നിക്കൽ സപ്പോർട്ടിനുള്ള ധാരണാപത്രം (MoU) ഒപ്പുവെക്കേണ്ടതാണ്. | നടപടി സ്വീകരിച്ചു വരുന്നു. |
| 2 | തീരുമാനം 2<br>Duplication ഒഴിവാക്കുന്നതിനായി ജില്ലാ ഓഫീസർമാരും MIU കോ-ഓർഡിനേറ്റർമാരും സർവകലാശാല കോ-ഓർഡിനേറ്റർമാരുടെയും സംയുക്ത യോഗം നടത്തി തുടർ നപടി സ്വീകരിക്കേണ്ടതാണ്. | CDMRP ക്ലിനിക്കിൽ സേവനം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഒരു ഗുണഭോക്താവിനു പോലും ക്ലിനിക്കൽ സർവ്വീസ് തടസ്സം വരാതെ തൊട്ടടുത്തുള്ള മൊബൈൽ ഇന്റർവെൻഷൻ ക്ലിനിക്കിൽ സേവനം ലഭ്യമാകുന്നതിനോ തൊട്ടടുത്ത് ക്ലിനിക്ക് ലഭ്യമാകാത്ത പക്ഷം CDMRP ക്ലിനിക്ക് പ്രവർത്തിക്കുന്ന അതേ സ്ഥലത്ത് MIU ന്റെ സേവനം ലഭ്യമാക്കുന്നിതനുമുള്ള സാധ്യത പരിശോധിക്കുന്നതിന് എൻ.എച്ച്.എം.മായി സാമൂഹ്യനീതി ഡയറക്ടർ 14.09.2026, 26.09.2026 തീയതികളിൽ യോഗം ചേർന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് പ്രതിനിധികൾ, ജില്ലാ സാമൂഹ്യനീതി ആഫീസർ, എസ്.ഐ.ഡി. ജില്ലാ പ്രതിനിധികൾ, സി.ഡി.എം.ആർ.പി. പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി അവലോകന യോഗം ചേർന്ന് ആക്ഷൻ പ്ലാൻ സമർപ്പിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| 3 | തീരുമാനം- 3<br>സംസ്ഥാനവ്യാപകമായി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ CDMRP പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. | നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| 4 | തീരുമാനം–4<br>സർക്കാരിന്റെ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | നടപടി സ്വീകരിച്ച വരുന്നു. |